# കൂട്ടുകാരനൊ രോണക്കോടി

• അബ്ദുൽ മജീദ് വേളം



മണിക്കുട്ടനും റിഷാനും അയൽപക്കക്കാരാണ്. അതിലുപരി ഹൃദയബന്ധമുള്ള കൂട്ടുകാരാണ്. സ്കൂളിൽ ചേർന്നതും യൂണിഫോം തയ്ക്കാൻ കൊണ്ടുപോയതും മറ്റും അവർ ഒരുമിച്ചാണ്. രണ്ടുപേരും ഒരുമിച്ചേ സ്കൂളിൽ പോകാറുള്ളൂ. രണ്ടുപേർക്കും രണ്ടു വീട്ടിലും ഒരേ സ്ഥാനമാണ്. ആർക്കെങ്കിലും വിശേഷമായി വല്ലതും കിട്ടിയാൽ മറ്റെയാൾക്ക് കൊടുക്കുക പതിവാണ്.

മണിക്കുട്ടന്റെ അച്ഛൻ സുകുമാരൻ കർഷകത്തൊഴിലാളിയാണ്. ദിവസവും തൂമ്പയുമെടുത്ത് ജോലിക്കു പോയാൽ ലഭിക്കുന്ന കൂലിയാണ് ആകെയുള്ള വരുമാനം. അതുകൊണ്ടു വേണം കുടുംബം പുലർത്താൻ. എത്ര ആവശ്യപ്പെട്ടാണെങ്കിലും മകന്റെ ആവശ്യ

▸▸ ഒരു നിയമസഭാ തെരെഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തിയ ആദ്യ ഇന്ത്യൻ പ്രസിഡന്റ്– എ.പി.ജെ അബ്ദുൽ കലാം



ങ്ങൾ നിറവേറ്റാൻ അയാൾ അമാന്തിക്കാറില്ല. തന്റെ സാമ്പത്തിക പ്രയാസം ആരോടും പറയാറുമില്ല. ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ടു കഴിയും. എന്നാൽ റിഷാന്റെ ഉപ്പാക്ക് അക്കാര്യം ഏറെക്കുറെ അറിയാം.

റിഷാൻ മദ്രസയിൽ പോകേണ്ടതിനാൽ നേരത്തെ വീട്ടിൽ നിന്നുമിറങ്ങും. മണിക്കുട്ടനും ആ സമയം കണക്കാക്കി ഇറങ്ങി വരും. രണ്ടു പേരും സ്കൂളിൽ പോകുന്ന വഴിയിലെ മദ്രസക്കടുത്തെത്തിയാൽ റിഷാൻ മദ്രസയിലും മണിക്കുട്ടൻ വായനശാലയിലും കയറും. മദ്രസ വിട്ടാൽ രണ്ടുപേരും സ്കൂളിലേക്ക് പോകും. മൂന്നാം ക്ലാസിലെ ഏറ്റവും നന്നായി പഠിക്കുന്ന കുട്ടികൾ റിഷാനും മണിക്കുട്ടനും തന്നെയാണ്.

ആ വർഷത്തെ ഓണം വന്നപ്പോൾ റിഷാൻ മണിക്കുട്ടനോട് ചോദിച്ചു:

"നിനക്ക് ഓണപ്പുടവയെല്ലാം തയ്ച്ചോ?"

"ഇല്ല" മണിക്കുട്ടൻ പറഞ്ഞു.

"ഇല്ലേ? നാലു ദിവസമല്ലേ ഇനി ഓണത്തിനുള്ളൂ ഇനി എപ്പഴാണെടുക്കുക?"

"ഇക്കൊല്ലം ഓണക്കോടിയില്ല റിഷാനേ, അച്ഛന്റെയടുത്ത് കാശില്ല എന്നാ പറഞ്ഞത്."

റിഷാൻ ഒന്നും പറഞ്ഞില്ല. തിരുവോണ നാൾ വന്നു. റിഷാൻ മണിക്കുട്ടനറിയാതെ അവനെ ശ്രദ്ധിച്ചു നോക്കി. ഇല്ല, ഓണക്കോടിയണിഞ്ഞിട്ടില്ല. റിഷാൻ വീട്ടിലേക്ക് പോയി തനിക്ക് പെരുന്നാളിന് വാങ്ങിയ കോടിയുടുപ്പ് ഒരു ജോഡി അധികമുണ്ടായിരുന്നു. അതെടുത്ത് ആരും കാണാതെ പുറത്തിറങ്ങി. തൊടിയുടെ അങ്ങേയറ്റത്ത് കൊണ്ടുവെച്ചു. മണിക്കുട്ടന്റെ വീട്ടിൽ ചെന്നു. മറ്റാരും കാണാതെ മണിക്കുട്ടനെയും കൂട്ടി ഉടുപ്പ് വെച്ച സ്ഥലത്തേക്ക് നടന്നു. മണിക്കുട്ടന് ഒന്നും മനസ്സിലായില്ല.

റിഷാൻ പൊതിയെടുത്തുകൊണ്ടു പറഞ്ഞു:

"മണിക്കുട്ടാ, നീയാ പഴയ വസ്ത്രങ്ങൾ അഴിച്ചേ.."

അവൻ അനുസരിച്ചു. റിഷാൻ പൊതിയിൽ നിന്നും ഷർട്ടും പാന്റ്സും എടുത്തുനീട്ടി പറഞ്ഞു:

"ഉം വേഗമിതിടൂ."

"ഇതേതാ റിഷാനേ?"

ഭയത്തോടും ആകാംക്ഷയോടും കൂടി മണിക്കുട്ടൻ ചോദിച്ചു.

"അതൊന്നും നീ ഇപ്പോഴറിയണ്ട, വേഗത്തിലിട്."

മണിക്കുട്ടൻ അനുസരിച്ചു. റിഷാൻ പഴയ ഉടുപ്പ് മടക്കി കവറിൽ പൊതിഞ്ഞ്. മണിക്കുട്ടന്റെ കൈയിൽ കൊടുത്തു.

"മണിക്കുട്ടാ, നീയണിഞ്ഞത് നിന്റെ ഓണക്കോടിയാ. വാ, നമുക്ക് വീട്ടിലേക്ക് പോകാം."

ഇരുവരും അവരവരുടെ വീട്ടിലേക്ക് പോയി.

▸▸ ഇന്ത്യൻ ഭാഷയിൽ ആദ്യമായി അച്ചടിക്കപ്പെട്ട ദിനപത്രം– സമാചാർ ദർപ്പൺ

പുത്തനുടുപ്പുമണിഞ്ഞ് വീട്ടിലെത്തിയ മണിക്കുട്ടനെ കണ്ട് വീട്ടുകാർക്ക് അത്ഭുതവും ആകാംക്ഷയും ഭയവും ഉണ്ടായി. അച്ഛൻ മണിക്കുട്ടനോട് ദേഷ്യപ്പെട്ടുകൊണ്ട് ചോദിച്ചു:

“എടാ, ഏതാടാ ഈ ഉടുപ്പ്?”

“റിഷാൻ തന്നതാ...”

“അവന്റെ വീട്ടുകാർ കണ്ടോ?”

“ഇല്ല, അവരൊക്കെ അകത്തായിരുന്നു.”

“ഇല്ലേ? ഈശ്വരാ, ആകെ കുഴപ്പമാവുന്നാ തോന്നുന്നത്.”

സുകുമാരൻ മണിക്കുട്ടന്റെ ഉടുപ്പഴിപ്പിച്ച് പഴയവ അണിയിച്ചു. മണിക്കുട്ടനെയും കൂട്ടി റിഷാന്റെ വീട്ടിലേക്ക് നടന്നു. ഭയവും സങ്കടവും കൊണ്ട് മണിക്കുട്ടന്റെ കണ്ണുകൾ നിറഞ്ഞു.

റിഷാന്റെ മാതാപിതാക്കൾ എന്താണ് പറയുക എന്ന ആശങ്കയായിരുന്നു മണിക്കുട്ടന്.

ഉടുപ്പ് വീട്ടുകാരെ കാണിച്ചു കൊണ്ട് സുകുമാരൻ പറഞ്ഞു:

“ഇതാ, ഇതു കണ്ടോ. ഈ ഉടുപ്പും പാന്റ്സും നിങ്ങളറിയാതെ റിഷാൻ എടുത്ത് ഇവനെക്കൊണ്ട് അണിയിച്ചതാണ്. ഞാൻ കണ്ടയുടൻ അഴിപ്പിച്ചു. ഞങ്ങളാരും ഇതറിഞ്ഞില്ലായിരുന്നു...”

തന്റെ മകന്റെ ദേഹത്തുനിന്നും അഴിപ്പിച്ചെടുത്ത ഉടുപ്പുകൾ കൈയിൽ പിടിച്ച അച്ഛൻ, സമീപത്ത് നിറകണ്ണുകളുമായി ഭയന്നു നിൽക്കുന്ന മകൻ മണിക്കുട്ടൻ. ഇതെല്ലാം കണ്ട റിഷാന്റെ ഉപ്പയുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി. വിതുമ്പിക്കൊണ്ട് അദ്ദേഹം പറഞ്ഞൊപ്പിച്ചു:

“വലിയ തെറ്റായിപ്പോയി സുകുമാരാ നീ ചെയ്തത്. നീയതഴിപ്പിക്കരുതായിരുന്നു. അവന്റെ മനസ്സിൽ ഒരു വലിയ മുറിപ്പാടാണ് ഇപ്പോഴുണ്ടായിരിക്കുന്നത്. അവനെവിടെ നിന്നും കട്ടെടുത്തതായിരുന്നില്ലല്ലോ അത്.

പാവം! വാ മോനേ മണിക്കുട്ടാ..”

മണിക്കുട്ടൻ അടുത്തേക്കു ചെന്നു. വസ്ത്രങ്ങൾ മണിക്കുട്ടനു നേരെ നീട്ടിയിട്ടു പറഞ്ഞു: “മോനിതണിയൂ. ഇതാരുടേതുമല്ല. മണിക്കുട്ടന്റേത് മാത്രമാണ്.” കണ്ണുകളിൽ നിന്നും കണ്ണുനീർ ചാലിട്ടൊഴുക്കിക്കൊണ്ട് റിഷാന്റെ ഉപ്പ പറഞ്ഞു.

എന്റെ അയലത്തെ സുകുമാരന്റെ പ്രയാസങ്ങൾ താൻ കണ്ടറിയേണ്ടതായിരുന്നു എന്ന് റിഷാന്റെ ഉപ്പക്ക് തോന്നി: “സുകുമാരാ ഏതായാലും കുട്ടികൾ കളിക്കട്ടെ, നമുക്കൊരിടം വരെ പോകാനുണ്ട്.” സുകുമാരനെയും കൂട്ടി അയാൾ മാർക്കറ്റിലേക്ക് പോയി.

•



# പ്രകൃതി

• സുഷമ ബിന്ദു

രാവിലെയോരോ
പൂവുകൾ തോറും
തേൻ നിറക്കും ചങ്ങാതി
പുല്ലിൻ തുമ്പിൽ
പള പള മിന്നും
കല്ലു പതിക്കും ചങ്ങാതി
വാടിപ്പോകും
ചെടിയിലുമൊരു ചെറു
തളിരു ചമയ്ക്കും
ചങ്ങാതി
വെയിലിൻ ചൂടിൽ
തളരുന്നേരം
മഴയായ് തഴുകും
ചങ്ങാതി
വലിയൊരു
മണ്ണിന്നുരുളയിൽ ജലവും
വായുവുമേകിയ ചങ്ങാതി!

▸▸ ത്രികോണാകൃതിയിലുള്ള സമുദ്രം– പസഫിക് സമുദ്രം